# വിശ്വാസ കാര്യങ്ങൾ

ഇസ്‌ലാമിന്റെ അടിസ്ഥാന വിശ്വാസങ്ങൾ താഴെ പറയുന്നവയാണ്: 1. ദൈവവിശ്വാസം 2. മലകുകളിലുള്ള വിശ്വാസം 3. വേദങ്ങളിലുള്ള വിശ്വാസം 4. പ്രവാചകന്മാരിലുള്ള വിശ്വാസം 5. പരലോക വിശ്വാസം 6. വിധിവിശ്വാസം.

## (i) ദൈവവിശ്വാസം

ഇസ്‌ലാം അനുശാസിക്കുന്ന ദൈവവിശ്വാസം ഇതാണ്: ദൈവം ഉണ്ട്. അവൻ ഏകനാണ്. അനാദിയാണ്. അനന്ത്യനാണ്. അഖണ്ഡനാണ്. യുക്തിമാനും സർവജ്ഞനുമാണ്. നിരാശ്രയനാണ്. അവിഭാജ്യനാണ്. എല്ലാവിധ പങ്കാളിത്തങ്ങൾക്കും അതീതനാണ്. സൃഷ്ടികളോട് യാതൊരുവിധ സമാനതയുമില്ലാത്ത അതുല്യനാണ്. സർവ സദ്ഗുണ സമ്പൂർണനാണ്. നിത്യജാഗ്രത്താണ്. സകല ചരാചരങ്ങളുടെയും സ്രഷ്ടാവും വിധാതാവുമാണ്. സൃഷ്ടികളഖിലം അവന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമാണ്. അവന്റെ കാരുണ്യത്തിലാണവ ഉളവാകുന്നതും നിലനില്ക്കുന്നതും. അവൻ അഗോചരനും സർവശക്തനും കരുണാമയനുമാണ്. സ്രഷ്ടാവും സംരക്ഷകനും വിധാതാവും അനുഗ്രഹദാതാവും എന്ന നിലക്ക് സൃഷ്ടികളുടെ ആരാധനയും നിരുപാധികമായ അനുസരണവും വിധേയത്വവും അർഹിക്കുന്ന ഏക അസ്തിത്വം അവനാകുന്നു. അവനാൽ മാത്രം സൃഷ്ടിക്കപ്പെട്ടവരും അവന്റെ സംരക്ഷണത്താലും അനുഗ്രഹത്താലും കാരുണ്യത്താലും മാത്രം നിലനില്ക്കുന്നവരും എന്ന നിലക്ക് അവനെ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യേണ്ടത് സൃഷ്ടികളുടെ നിർബന്ധ ബാധ്യതയുമാകുന്നു. (ഈ അടിമയുടമാ ബന്ധത്തിന്റെയും അവകാശബാധ്യതകളുടെയും വികാസമാണ് ദീനും ശരീഅതും). ദൈവത്തോടുള്ള സൃഷ്ടികളുടെ ബാധ്യത പ്രായോഗികമായി പൂർത്തീകരിക്കുകയാണ് അവനെ അനുസരിക്കുകയും ആരാധിക്കുകയും ചെയ്യുന്നതിലൂടെ സൃഷ്ടികൾ ചെയ്യുന്നത്. ഈ അനുസരണത്തെയും ആരാധനയെയും സാങ്കേതികമായി ഇ*ബാദത് എന്നു പറയുന്നു. വിശുദ്ധ ഖുർആനിൽ അല്ലാഹുവിനെ പരിചയപ്പെടുത്തുന്ന സൂക്തങ്ങൾ നിരവധിയാണ്. ചിലതുമാത്രം താഴെ ഉദ്ധരിക്കാം:

“അവനാകുന്നു അല്ലാഹു. അവനല്ലാതെ ദൈവമില്ല. അഗോചരവും ഗോചരവുമായ സകല കാര്യങ്ങളും അറിഞ്ഞുകൊണ്ടിരിക്കുന്നവൻ. ദയാപരനും കരുണാവാരിധിയുമായവൻ. അവനാണ് അല്ലാഹു. അവനല്ലാതെ ദൈവമില്ല. അവനാണ് യഥാർഥ രാജാവ്. അതീവ പരിശുദ്ധൻ. പരമശരണം. അഭയ ദായകൻ. സർവ രക്ഷകൻ. സർവാതിജയൻ, സകലതും അടക്കി ഭരിക്കുന്നവൻ. മഹോന്നതനായി വാഴുന്നവൻ. ജനം ആരോപിക്കുന്ന പങ്കാളിത്തങ്ങൾക്കെല്ലാം അതീതൻ. അവനാണ് അല്ലാഹു. സൃഷ്ടി പ്രക്രിയ ആവിഷ്കരിച്ചവൻ. അതു നടപ്പിലാക്കിയവൻ. അനുയോജ്യമായ ആകാരമേകുന്നവൻ. വിശിഷ്ട നാമങ്ങളൊക്കെയും അവന്നുള്ളതാകുന്നു. ആകാശങ്ങളിലും ഭൂമിയിലുമുള്ള സകല ചരാചരങ്ങളും അവനെ പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കുന്നു. അവൻ അജയ്യനും അഭിജ്ഞനുമാകുന്നു”(59: 22-24). “അവനാണ് ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും” (10: 56). “അവൻ ഒരു കാര്യം ഇഛിച്ചാൽ ഭവിക്കട്ടെ എന്നു കല്പിക്കുകയേ വേണ്ടൂ, അതു സംഭവിക്കുകയായി”(40: 68). “ആകാശഭൂമികളുടെയും അവയ്ക്കിടയിലുള്ള സകലതിന്റെയും അധിപനാണല്ലാഹു. താനിഛിക്കുന്നതെന്തും അവൻ സൃഷ്ടിക്കുന്നു. അല്ലാഹു സകല സംഗതികൾക്കും കഴിവുള്ളവനല്ലോ”(5: 17). “അവൻ തന്റെ ദാസന്മാരെ അടക്കി ഭരിക്കുന്നവനും യുക്തിമാനും സർവജ്ഞനുമാകുന്നു”(6:18). “മുമ്പിലൂടെയോ പിന്നിലൂടെയോ മിഥ്യ അവനെ ബാധിക്കുന്നില്ല”(41: 42). “എന്റെ കാരുണ്യം സർവ ചരാചരങ്ങളെയും ഉൾക്കൊണ്ടിരിക്കുന്നു”(7: 156, 24: 23). “അവൻ പരമ ദയാലുവും കരുണാവാരിധിയുമാകുന്നു”(1: 2). “കാരുണ്യം അവന്റെ സത്തയുടെ സ്ഥായിയായ ഗുണമായിരിക്കുന്നു”(6: 12). “അല്ലാഹു മനുഷ്യരോട് അശേഷം അക്രമം കാണിക്കുന്നില്ല തന്നെ. മറിച്ച്, അവരെ അക്രമിക്കുന്നത് അവർ തന്നെയാണ്”(10: 44). “പ്രഖ്യാപിക്കുക: അവൻ അല്ലാഹുവാകുന്നു. ഏകൻ. അല്ലാഹു ആരുടെയും ആശ്രയം വേണ്ടാത്തവനും എല്ലാവരാലും ആശ്രയിക്കപ്പെടുന്നവനുമാകുന്നു. അവന്ന് സന്തതിയേതുമില്ല. അവൻ ആരുടെയും സന്താനവുമല്ല. അവന്ന് തുല്യനായി ആരുമില്ല.”(112: 1-4).

ദൈവത്തിന്റെ അസ്തിത്വം അംഗീകരിക്കുക എന്നതിലേറെ ഇസ്‌ലാം ഊന്നിയിട്ടുള്ളത് ദൈവത്തിന്റെ എല്ലാ അർഥത്തിലുമുള്ള ഏകത്വം അംഗീകരിക്കുക എന്നതിലാണ്. നാസ്തികതയെ ബുദ്ധിപരമായ അടിത്തറയുള്ള വാദമായി ഇസ്‌ലാം കാണുന്നില്ല. ഖുർആനിന്റെ ദൃഷ്ടിയിൽ നാസ്തികർ ഊഹങ്ങളെ പിന്തുടരുന്നവരാണ്. ദൈവമില്ലെന്ന് വാദിക്കുന്നവൻ തന്നെത്തന്നെ ദൈവമാക്കുകയാണ്. ഇസ്‌ലാമിക വീക്ഷണത്തിൽ, ദൈവം പലതുണ്ടെന്നു പറയുന്നതുപോലെ ദൈവമേയില്ലെന്നു പറയുന്നതും ബഹുദൈവത്വമാണ്. അതെക്കുറിച്ചു ഖുർആൻ പറയുന്നു: “സ്വേഛകളെ സ്വന്തം ദൈവമാക്കിയവനെക്കുറിച്ചു നീ ചിന്തിച്ചു നോക്കിയിട്ടുണ്ടോ?....അവർ പറയുന്നു: നമ്മുടെ ഈ ജീവിതമല്ലാതെ ജീവിതമില്ലതന്നെ. നമ്മുടെ മരണവും ജീവിതവും ഇവിടെ മാത്രം. കാലചക്രമല്ലാതെ മറ്റൊന്നും നമ്മെ നശിപ്പിക്കുന്നില്ല. ഇതെപ്പറ്റി അവർക്ക് യാതൊരു ജ്ഞാനവുമില്ല എന്നതത്രെ യാഥാർഥ്യം. അവർ കേവലം ഊഹങ്ങൾ ജല്പിക്കുകയാകുന്നു” (45: 23-24). സാക്ഷാൽ ഈശ്വരനെ നിഷേധിക്കുന്നവരിൽ ചെറിയൊരു വിഭാഗമേ എക്കാലത്തും നാസ്തികരായിട്ടുള്ളൂ. അധിക ദൈവ നിഷേധികളും സാക്ഷാൽ ദൈവത്തെ നിഷേധിച്ച് തൽസ്ഥാനത്ത് മറ്റു പലതിനെയും ദൈവങ്ങളായി സങ്കല്പിക്കുന്നവരാണ്. അതുകൊണ്ടാണ് ഖുർആൻ ദൈവാസ്തിത്വത്തിലേറെ ദൈവത്തിന്റെ ഏകത്വത്തിലൂന്നി സംസാരിക്കുന്നത്. ഇസ്‌ലാമിക ദൈവശാസ്ത്രം ദൈവവിശ്വാസത്തെ, ചിലപ്പോൾ ഇസ്‌ലാമിനെത്തന്നെ ‘തൗഹീദ്’ (ഏകമാക്കൽ) എന്നു വ്യവഹരിക്കുന്നതും ഈയടിസ്ഥാനത്തിൽതന്നെ.

അല്ലാഹു എല്ലാ അർഥത്തിലും ഏകനാകുന്നു എന്ന തത്ത്വത്തിന്റെ അനിവാര്യ താൽപര്യമാകുന്നു, സൃഷ്ടികളിൽനിന്നുണ്ടാകുന്ന എല്ലാ അർഥത്തിലുള്ള ഇബാദതും അല്ലാഹുവിനേ പാടുള്ളൂ എന്നത്. ഏതെങ്കിലും തരത്തിലുള്ള ഇബാദത് അല്ലാഹുവല്ലാത്തവർക്കർപ്പിക്കുന്നുവെങ്കിൽ അർപ്പിക്കുന്നവർ അർപ്പിക്കപ്പെടുന്നവരെ ദൈവത്തിന്റെ

പങ്കാളിയായി വരിച്ചിരിക്കുന്നുവെന്നാണ് അതിനർഥം. അതുകൊണ്ട് അല്ലാഹുവല്ലാത്തവർക്ക് ഇബാദതു ചെയ്യുന്നവർ തൗഹീദിൽനിന്ന് -ഇസ്‌ലാമിൽനിന്നുതന്നെയും സ്വയം ബഹിഷ്കൃതരാകുന്നു. പാപങ്ങളിൽ ഏറ്റവും ഗുരുതരവും മാപ്പർഹിക്കാത്തതുമാണ് ശിർക് അഥവാ ബഹുദൈവത്വത്തെ സാക്ഷ്യപ്പെടുത്തൽ.

ഇസ്‌ലാമിൽ ദൈവത്തിൽ വിശ്വസിക്കുകയെന്നാൽ, ദൈവം ഉണ്ട് എന്ന് സമ്മതിക്കൽ മാത്രമല്ല, ദൈവത്തെ അവന്റെ സകല ദൈവിക ഗുണങ്ങളോടെയും അധികാര സ്വാതന്ത്ര്യങ്ങളോടെയും അംഗീകരിക്കലാണ്. ഈ അംഗീകാരത്തിന്റെ അനിവാര്യ താൽപര്യമാകുന്നു സൃഷ്ടികൾ ഭക്തിപൂർവം അവന്ന് ഇബാദതു ചെയ്യുക എന്നതും അവനല്ലാത്ത ആർക്കും ഇബാദതു ചെയ്യാതിരിക്കുക എന്നതും.

ദൈവത്തിന്റെ ഏറ്റവും പ്രഥമവും പ്രധാനവുമായ വിശേഷണം അവൻ റഹ്മാനും റഹീമുമാകുന്നു എന്നതാണ്. തന്റെ എല്ലാ സൃഷ്ടികളെയും അവന്റെ കാരുണ്യം വലയം ചെയ്തിരിക്കുന്നു. കാരുണ്യം അവന്റെ സ്ഥായിയായ ഗുണമാകുന്നു എന്നാണ് ഖുർആൻ പറയുന്നത് (6:12). വിശുദ്ധ ഖുർആന്റെ ഓരോ അധ്യായവും ആരംഭിക്കുന്നത് റഹ്മാൻ, റഹീം എന്നീ ദൈവിക ഗുണങ്ങൾ അനുസ്മരിച്ചുകൊണ്ടാണ്. ഖുർആനിലെ പ്രഥമാധ്യായവും വിശ്വാസികൾ നമസ്കാരത്തിൽ ദിനേന ചുരുങ്ങിയത് 17 വട്ടം ഉരുവിടുന്നതുമായ അൽഫാതിഹഃയിലെ രണ്ടാമത്തെ സൂക്തവും ദൈവം റഹ്മാനും റഹീമുമാകുന്നു എന്നു വിളംബരം ചെയ്യുന്നതാണ്. തന്നെ അംഗീകരിക്കുകയും അനുസരിക്കുകയും ചെയ്യുന്നവരോടും നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്യുന്നവരോടും ഒരുപോലെ സ്നേഹവും കാരുണ്യവും കാട്ടുന്നവൻ എന്നാണ് റഹ്മാൻ എന്ന പദത്തിന്റെ വിവക്ഷ. ദൈവത്തെ ബോധപൂർവം വണങ്ങുന്നവരെ സവിശേഷം സ്നേഹിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നവൻ എന്നാണ് റഹീം എന്ന പദം കൊണ്ടർഥമാക്കുന്നത്. ദൈവത്തിന്റെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഫലമായിട്ടാണ് സൃഷ്ടികളഖിലം സൃഷ്ടിക്കപ്പെടുന്നതും നിലനില്ക്കുന്നതും. ആ കരുണാമയനോടുള്ള നന്ദി എന്ന നിലക്കും സൃഷ്ടികൾ ദൈവത്തിന് മാത്രം ഇബാദതു ചെയ്യാൻ ബാധ്യസ്ഥരാകുന്നു.

'ലാ ഇലാഹ ഇല്ലല്ലാ' എന്നാണ് ഇസ്‌ലാമിന്റെ മൂല മുദ്രാവാക്യം. അല്ലാഹുവല്ലാതെ ദൈവമില്ല എന്നാണ് അതിന്റെ ഭാഷാർഥം. മുകളിൽ സൂചിപ്പിച്ച ദൈവസങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ ഒരാൾ ലാ ഇലാഹ ഇല്ലല്ലാ എന്നു പ്രഖ്യാപിക്കുമ്പോൾ ആശയം ഇതാണ്: എനിക്ക് ആരാധ്യനും ഉടമയും ശാസകനും ആശ്രയവും അനുഗ്രഹദാതാവുമായി ഏകനായ അല്ലാഹുവല്ലാതെ മറ്റാരുമില്ല. അല്ലാഹുവല്ലാത്ത ആരുടെയും ഉടമത്വവും യജമാനത്തവും രാജത്വവും ആധിപത്യവും ഞാൻ അംഗീകരിക്കുന്നില്ല. ഞാൻ അവന്റെ മാത്രം അടിമയും ആജ്ഞാനുവർത്തിയുമാകുന്നു. മറ്റാരോടുമുള്ള അടിമത്തത്തെയും വിധേയത്വത്തെയും ഞാൻ നിഷേധിക്കുന്നു. ഈ അർഥത്തിലാണ് ലാ ഇലാഹ ഇല്ലല്ലാ ലോകം കേട്ടതിൽവച്ച് ഏറ്റവും ശക്തവും വിപുലവും അർഥ ഗർഭവുമായ സ്വാതന്ത്ര്യമുദ്രാവാക്യമാണ് എന്ന് പറയാറുള്ളത്.